(ഡി) തിരുവനന്തപുരം വികസന അതോറിറ്റി സ്ഥലം ഏറ്റെടുത്തു നൽകുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ചും പണി തുടങ്ങുന്നതാണ്.

91 (556) പാലക്കാട്ടു താഴെ പാലം പുതുക്കി പണി

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ റോഡിലെ പാലക്കാട്ടു താഴം പാലം പുതുക്കി പണിയാനുള്ള നടപടി എവിടെവരെയായി;

(ബി) ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ തുക എത്രയാണ്;

(സി) ഇതിന്റെ പണി എന്നേക്കു പൂർത്തിയാക്കും എന്ന് പറയുമോ?

ഉത്തരം

(എ) പാലം പുതുക്കിപ്പണിയുന്നതിനു വേണ്ടി വരുന്ന സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) 180 ലക്ഷം രൂപ.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതാണ്.

92 (557) പെരുമ്പാവൂരിൽ മിനി സിവിൽ സ്റ്റേഷൻ

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ;

(ബി) എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) അതിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

93 (558) ഹോസ്റ്റലിലെ വൈദ്യുതോപയോഗ നിയന്ത്രണം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പി.ഡബ്ല്യു.ഡി. പുരുഷ വനിതാ വിഭാഗം ഹോസ്റ്റലുകളിൽ നിന്ന് കെ.എസ്.ഇ.ബി.ക്ക് എത്ര രൂപ നൽകാനുണ്ട്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു ബൾബും ഒരു ഫാനും മാത്രം താമസക്കാർ ഉപയോഗിച്ചിട്ടും ഭീമമായ തുക കൊടുക്കേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇവിടെ അനധികൃതമായി ഹീറ്ററും അയൺ ബോക്സും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) കോഴിക്കോട് പി.ഡബ്ല്യൂ.ഡി. പുരുഷ-വനിതാ വിഭാഗം ഹോസ്റ്റലുകൾക്ക് 2000 ജനുവരി വരെയുള്ള വൈദ്യുതി കുടിശ്ശിക

പുരുഷ വിഭാഗം ഹോസ്റ്റൽ	3,94,703 രൂപ
വനിതാ വിഭാഗം	1,26,383 രൂപ
ആകെ	5,21,086 രൂപ

(ബി) ഉപഭോഗം പരിമിതപ്പെടുത്തണമെന്ന് അപ്പോഴപ്പോൾ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത ഉപഭോഗം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

94 (559) പുലകടവ് ഇരമല്ലിക്കര പാലങ്ങളുടെ പണി

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഇറപ്പുഴ പുലകടവ്, ഇരമല്ലിക്കര തുടങ്ങിയ പാലങ്ങളുടെ പണി എന്ന് പൂർത്തിയാകും;

(ബി) പുലകടവ് പാലത്തിനുവേണ്ടി പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത സ്ഥലത്തിനുള്ള നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് കാലതാമസം അന്വേഷിക്കുമോ;

(സി) എപ്പോൾ നഷ്ടപരിഹാരം നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(ഡി) വീടും പുരയിടവും നഷ്ടപ്പെട്ട ഇവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകുന്നതിന് ഗവണ്മെന്റ് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇറപ്പുഴ പാലത്തിന്റെ പണി സെപ്തംബർ 2000-ലും, പുലകടവ് പാലത്തിന്റെ പണി 2001 മാർച്ചിലും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇരമല്ലിക്കര പാലത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

(ബി) ഏറ്റെടുത്ത സ്ഥലത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിലേക്ക് ആവശ്യമായ ഫണ്ട് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി&ഡി) നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്കേ നഷ്ടപരിഹാരം നൽകാൻ കഴിയുകയുള്ളൂ. ഇതിലേക്കുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുന്നതാണ്.

1116/2010.

LIBRARY ARCHIVES Kerala Legislative Assembly